പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 528 **13-10-2026-ൽ മറുപടിയ്ക്ക്**

വടകര കശുവണ്ടി ഫാക്ടറിയുടെ ഭൂമി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീമതി കെ. കെ. രമ

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

(എ) കശുവണ്ടി വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള വടകരയിലെ കശുവണ്ടി ഫാക്ടറിക്ക കീഴിൽ ആകെ എത്ര ഭൂമിയാണ് ഉണ്ടായിരുന്നത്;

മറുപടി: വടകര ചോമ്പാലയിൽ 348.99 സെന്റ് ഭൂമിയാണ് കോർപ്പറേഷന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നത്.

(ബി) മാഹി-തലശ്ശേരി ബൈപ്പാസിന്റെ നിർമ്മാണ ആവശ്യത്തിന് കശുവണ്ടി ഫാക്ടറിയുടെ ഭൂമി നൽകുകയുണ്ടായോ;

മറുപടി: 14.5 സെന്റ് ഭൂമി ബൈപ്പാസിന്റെ നിർമ്മാണത്തിനായി നൽകിയിട്ടുള്ളതാണ്. യാണ് കൈമാറിയിട്ടുള്ളത്. നിലവിൽ 333.52 സെന്റ് ഭൂമി കോർപ്പറേഷന്റെ ഉടമസ്ഥതയിൽ ഉണ്ട്.

(സി) എങ്കിൽ ആകെ എത്ര സെന്റ് ഭൂമിയാണ് ഇപ്രകാരം കൈമാറിയത്; ബാക്കി എത്ര ഭൂമിയാണ് വടകരയിലെ കശുവണ്ടി ഫാക്ടറിക്ക കീഴിൽ നിലവിലുള്ളത്;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(ഡി) വർഷങ്ങളായി ഉപയോഗ ശൂന്യമായി കിടക്കുന്ന പ്രസ്തുത ഭൂമി മറ്റു വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

മറുപടി: പ്രസ്തുത സ്ഥലത്ത് കോർപ്പറേഷൻ കശുമാവ് കൃഷി ചെയ്തിട്ടുള്ളതാണ്. കൂടാതെ സീസണിൽ തോട്ടണ്ടി ഡ്രൈയിംഗ് യാർഡായും ഇത് ഉപയോഗിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ